## 09.03.2021-ൽ നടന്ന ദ്വൈമാസ അവലോകന യോഗ നടപടിച്ചുരുക്കം

2021 വർഷത്തെ ആദ്യത്തെ അവലോകന യോഗം 09.03.2021-ൽ ഡയറക്ടേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ച് 11 മണിക്ക് ഓൺലൈനായി നടത്തുകയുണ്ടായി. പങ്കെടുത്ത ജീവനക്കാരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. കഴിഞ്ഞ യോഗത്തിൽ പരാമർശിച്ച വിഷയളിൽ നടപടി ഉണ്ടാകാത്ത വിഷയങ്ങൾ വകുപ്പ് അദ്ധ്യക്ഷ യോഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു.

ഡയറക്ടറേറ്റിലേക്ക് അയക്കുന്ന കത്തുകൾ ഫണ്ട് അലോട്ട്മെന്റ് അപേക്ഷ ഒഴികെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ വഴി മാത്രമേ അയയ്ക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന് ഡയറക്ടർ അറിയിച്ചു. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിൽ നിന്നും തീരുമാനം എടുക്കേണ്ടവ അവിടെ നിന്നും തീരുമാനം അറിയിക്കാവുന്നതും ഡയറക്ടറേറ്റിലേക്കു അയക്കേണ്ട കത്തുകളിൽ ശുപാർശയോടുകൂടി മാത്രം അയക്കേണ്ടതാണ് എന്നും അറിയിച്ചു. ഭാഷ പുരോഗതി റിപ്പോർട്ട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലേക്കു നൽകി അവിടെ നിന്നും ക്രോഡീകരിച്ച റിപ്പോർട്ട് ഡയറക്ടറേറ്റിലേക്ക് നൽകേണ്ടതാണെന്ന നിർദ്ദേശം നൽകി.

എറണാകുളം ആശുപത്രിയിൽ Bed Occupancy കൂട്ടുന്നതിന് നടപടി കൈക്കൊള്ളണമെന്ന് ഡയറക്ടർ എറണാകുളം സൂപ്രണ്ടിനെ അറിയിച്ചു. സ്പെഷ്യാലിറ്റി റഫറൻസ് കുറക്കുന്നതിന് എല്ലാ സൂപ്രണ്ടുമാർക്കും നിർദ്ദേശം നൽകി. മുളംകുന്നത്തുകാവ് ഇ.എസ്.ഐ നെഞ്ചുരോഗാശുപത്രിയിൽ നിന്നും എംപാനൽഡ് ആശുപത്രിയിലേക്ക് അയച്ച കേസുകളുടെ വിവരങ്ങൾ നൽകാൻ ഡയറക്ടർ ആവശ്യപ്പെട്ടു.

കോടതി വ്യവഹാരങ്ങൾ സംബന്ധിച്ച ഓരോ റീജിയണിലും വിവിധ കോടതികളിൽ ഉള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ മൂന്നു മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ നൽകേണ്ടതാണ്.
അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്ന താഴെ പറയുന്ന വിശദാംശങ്ങൾ എത്രയും വേഗം ഡയറക്ടറേറ്റിലേക്ക് അയച്ചുതരേണ്ടതാണ് എന്ന് നിർദ്ദേശം നൽകി. (Before - 01.05.2021)

1. MRC Pending Bill - സംബന്ധിച്ച റിപ്പോർട്ട്. (നടപടി - ആശുപത്രി സൂപ്രണ്ടുമാർ)
2. Staff position Report. (നടപടി - RDD-മാർ)
3. Costly Equipments List - Feeding Dispensary ഉൾപ്പെടെ - (Costing more than 50,000) with supply date, project through which received. (Plan Fund or PIP Fund & Year) (നടപടി - സൂപ്രണ്ടുമാർ)
4. ലാബ് സൗകര്യം ഉള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ്, ഉള്ള ഉപകരണങ്ങളുടെ ലിസ്റ്റ് ചെയ്തു വരുന്ന ടെസ്റ്റുകൾ സംബന്ധിച്ച റിപ്പോർട്ട്. (നടപടി - ആശുപത്രി സൂപ്രണ്ടുമാർ)
5. വകുപ്പിനു കീഴിലെ ഡിസ്പെൻസറികൾ ഏതു ടൈപ്പിൽപ്പെടുന്നവയാണ് എന്നതു സംബന്ധിച്ച റിപ്പോർട്ട് ( One Doctor Type, Two Doctor Type etc, Number of shift) (നടപടി - RDD-മാർ)
6. മേഖലാതലത്തിൽ നിലവിലുള്ള ഒഴിവുകൾ (കരാർ അടിസ്ഥാനത്തിൽ/ ദിവസ വേതന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർ ജോലി ചെയ്തുവരുന്ന കാലയളവ്.) (നടപടി - RDD-മാർ)

Special Intend, Re-imbursement bill submission from dispensary, empanelled reference സംബന്ധിച്ച് ജോയിന്റ് ഡയറക്ടർ ഡോ.സുധീർ ബാബു സംസാരിക്കും എന്ന് ഡയറക്ടർ പറഞ്ഞു നിർത്തി.

ജോയിന്റ് ഡയറക്ടർ ബഹുമാനപ്പെട്ട ഡയറക്ടറെയും മീറ്റിംഗിൽ പങ്കെടുക്കുന്ന മറ്റുള്ളവരെയും അഭിസംബോധന ചെയ്തു.

ആദ്യമായി Special Intend -നെ കുറിച്ച് സംസാരിക്കാം എന്ന് പറഞ്ഞു ജോയിന്റ് ഡയറക്ടർ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കി.

Special Intend request തരുമ്പോൾ പുതിയതായി ഇറക്കിയ പ്രൊഫോർമയിൽ തന്നെ അയക്കേണ്ടതാണ്. അതോടൊപ്പം നൽകിയിരുന്ന സർക്കുലറിൽ പറയും പ്രകാരം തന്നെ procedure follow ചെയ്തിരിക്കണം എന്നും ആവശ്യമുള്ള വിവരങ്ങൾ/ രേഖകൾ ഇല്ലാത്തതുകൊണ്ട് രോഗികൾക്കു മരുന്നു ലഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസത്തിന് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ മാത്രമായിരിക്കും ഉത്തരവാദി എന്ന കാര്യവും വ്യക്തമാക്കി കൂടെ ഉൾപ്പെടുത്തുന്ന prescription -നിൽ O.P No. Date, Dispensary ഡോക്ടറുടെ ഒപ്പും പേരും മരുന്നിന്റെ പേര്, Dosage, Duration എന്നിവ വ്യക്തതയോടെ ഉണ്ടായിരിക്കണം എന്ന് നിർദ്ദേശിച്ചു. കൂടെ attach ചെയ്യുന്ന ആശുപത്രിയിൽ നിന്നുള്ള prescription ഉണ്ടെങ്കിൽ അത് മരുന്ന് ആവശ്യപ്പെടുന്ന കാലയളവിലേയ്ക്കുള്ളത് ആയിരിക്കണം എന്ന് പ്രത്യേകം നിർദ്ദേശിച്ചു. ചില ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർ മരുന്നിന്റെ ക്വട്ടേഷൻ സമർപ്പിക്കുന്നത് യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയാണെന്നും ചില സീനിയർ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരും ക്ലാർക്കുമാരും അയക്കുന്ന ക്വട്ടേഷനുകൾ കണ്ടാൽ അതെക്കുറിച്ച് ഒട്ടും വ്യക്തത ഇല്ല എന്ന കാര്യം വ്യക്തമാണെന്നും, അത് തുടരുവാൻ അനുവദിക്കാവുന്ന അവസ്ഥ അല്ല എന്നും, കേരള ഫിനാൻഷ്യൽ കോഡിൽ പറയും പ്രകാരം തന്നെ ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണെന്നും തെറ്റായ ക്വട്ടേഷൻ വച്ച് purchase നടത്തുവാൻ സാധിക്കില്ല എന്നും അതുമൂലം പലപ്പോഴും purchase വളരെ delay ആകുന്നുണ്ടെന്നും ഇനിയും തെറ്റ് ആവർത്തിച്ചാൽ അവർക്കെതിരെ ഡിപ്പാർട്ട്മെന്റൽ അച്ചടക്ക നടപടികൾ ഉണ്ടാകുമെന്നും ജോയിന്റ് ഡയറക്ടർ അറിയിച്ചു. രോഗികളുടെ ചികിത്സാ ചിലവ് സൂപ്പർ സ്പെഷ്യാലിറ്റി മാന്വൽ 2015-ൽ പറയും പ്രകാരം 10 ലക്ഷത്തിൽ കടന്നോ എന്നറിയുവാൻ ചികിത്സയുടെയും special intend നൽകുന്ന മരുന്നുകളുടെയും വിവരങ്ങൾ രോഗിയുടെ മെഡിക്കൽ റിക്കോഡിൽ രേഖപ്പെടുത്തേണ്ടതാണെന്നും അതിനായി ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരും സൂപ്രണ്ടുമാരും വേണ്ടുന്ന വിവരങ്ങൾ (Beneficiary-യുടെ special intend മരുന്ന് തുക, Non-Package ചികിത്സാ തുക, Emergency ICU ചികിത്സാ തുക തുടങ്ങിയവ) തമ്മിൽ കൈമാറുവാൻ വേണ്ട നടപടികൾ ഉണ്ടാകണം എന്നും ജോയിന്റ് ഡയറക്ടർ അറിയിച്ചു. Special Intend നൽകുന്ന chemotherapy മരുന്നുകളുടെയും Growth Hormone -ന്റെ വിവരങ്ങൾ എപ്പോൾ ചോദിച്ചാലും ലഭ്യമാകും വിധത്തിൽ ഡിസ്പെൻസറികളിൽ പ്രത്യേകമായി ഉണ്ടായിരിക്കേണ്ടതാണ് എന്നും അറിയിച്ചു.

BI PAP, C PAP തുടങ്ങിയ ഉപകരണങ്ങൾ രോഗികൾക്ക് വാങ്ങി നൽകുവാൻ ആശുപത്രിയിൽ committe form ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും കമ്മിറ്റി പരിശോധിച്ച് കുറ്റമറ്റ വിധത്തിലായിരിക്കണം അപേക്ഷ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതെന്നും, എങ്കിലേ കാലതാമസം ഇല്ലാതെ നടപടി എടുക്കുവാൻ കഴിയൂ എന്നും ജോയിന്റ് ഡയറക്ടർ അറിയിച്ചു. ഇവ വാങ്ങുവാൻ ഇ.എസ്.ഐ കോർപ്പറേഷൻ ആശുപത്രികളിൽ നിന്നും concerned specialist prescribe ചെയ്യുന്നവ ഇപ്പോൾ തുടർന്നുവരുന്ന procedure പ്രകാരം തന്നെ വാങ്ങി നൽകുവാനും നിർദ്ദേശിച്ചു. (നടപടി - ആശുപത്രി സൂപ്രണ്ട് & IMO)

Re-imbursement Bill Submission: ഡിസ്പെൻസറിയിൽ നിന്നും നൽകുന്ന prescription -ൽ ഡോക്ടറുടെ പേര് വ്യക്തമായി ഉണ്ടായിരിക്കണം എന്നും ബിൽ ഡോക്ടറുടെ പേരിൽ തന്നെ ആയിരിക്കണം എന്നും നിർദ്ദേശിച്ചു. അല്ലാതെ ഉള്ള ബില്ലുകളിൽ പാസാക്കുമ്പോൾ (റഫർ ചെയ്ത എംപാനൽ ആശുപത്രികളിലെ ചികിത്സിക്കുന്ന ഡോക്ടറുടെ പേരിലുള്ള ബില്ലുകൾ മാത്രം) ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ അങ്ങിനെ ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമായി രേഖപ്പെടുത്തി സർട്ടിഫൈ ചെയ്തിരിക്കണം. ബില്ലിന്റെ കൂടെ അറ്റാച്ച് ചെയ്യുന്ന prescription വ്യക്തമായിരിക്കണം എന്നും നിർദ്ദേശിച്ചു. മുൻപ് പല തവണ ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണെങ്കിലും ചില ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർ വളരെ ലാഘവത്തോടെ തുടർച്ചയായി തെറ്റുകൾ വരുത്തിയാണ് ബില്ലുകൾ സമർപ്പിക്കുന്നത്. തെറ്റുകൾ തിരുത്തുവാൻ തിരിച്ചയയ്ക്കുന്ന ബില്ലുകൾ പോലും അവ തിരുത്താതെ തിരികെ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു, സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകൾ ഡയറക്ടറുടെ ഓഫീസിലേയ്ക്ക് അയയ്ക്കുന്ന തുടങ്ങിയ വീഴ്ചകൾ കണ്ടുവരുന്നു. ഇവ ഇനിയും ശ്രദ്ധയിൽപ്പെട്ടാൽ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടെയും ബന്ധപ്പെട്ട ക്ലർക്കിന്റെയും പേരിൽ തക്കതായ നടപടികൾ എടുക്കുന്നതാണ്.

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ 2021 ജനുവരി 2-ാം വാരം മുതൽ e-office നടപ്പാക്കിയിട്ടുണ്ട്. ഡയറക്ടറേറ്റിൽ ലഭിക്കുന്ന എല്ലാ തപാലുകളുടെയും വിശദാംശങ്ങൾ e-office.kerala.gov.in എന്ന വെബ് പോർട്ടലിൽ ലഭ്യമാണ്. ഡിസ്പെൻസറികൾ, ആശുപത്രികൾ മറ്റ് അനുബന്ധസ്ഥാപനങ്ങൾ എന്നിവ തങ്ങളുടെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തപാലുകൾ ഡയറക്ടറേറ്റിൽ ലഭിച്ചു എന്നുള്ള വിവരം ഉറപ്പുവരുത്തേണ്ടതാണ്. (ഇ-പോർട്ടലിനെ കുറിച്ചുള്ള വിശദാംശങ്ങളും കൈകാര്യം ചെയ്യുന്ന രീതിയും ഉൾപ്പെടുന്ന ഹെൽപ് ഡോക്യുമെന്റ് പ്രത്യേകം നൽകുന്നതായിരിക്കും)

ഇ.എസ്.ഐ ഡിസ്പെൻസറികളിൽ നിന്നും അയക്കുന്ന റീ-ഇംബേഴ്സ്മെന്റ് ബില്ലുകളെ കുറിച്ചുമാത്രം"Medical Re-imbursement bill query Name of Dispensary Month Year എന്ന subject -ൽ മാത്രം ഡയറക്ടറുടെ e-office mail-ൽ അയച്ചാൽ അവയിൽ നടപടി വേഗതയിൽ ആക്കാൻ സാധിക്കുന്നതാണ്. ഡയറക്ടറേറ്റിൽ നിന്നും പാസാക്കുന്ന ബിൽ തുകയുടെ ഡീറ്റയിൽസ് ഇപ്പോൾ ചെയ്യും പ്രകാരം സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിൽ നിന്നും ഡിസ്പെൻസറികളിലെ റീ-ഇംബേഴ്സ്മെന്റ് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

<u>എംപാനൽ ആശുപത്രികളിലേയ്ക്കുള്ള റഫറൻസ് സംബന്ധിച്ച് :-</u> (നടപടി MRC Section- IMO ESI Dispensary, Superintendent, ESI Hospital)

എംപാനൽ ആശുപത്രികളിലേയ്ക്കുള്ള റഫറൻസുകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു എന്നും, നമ്മുടെ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് റഫറൻസ് കുറക്കുവാൻ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ് എന്നു ജോയിന്റ് ഡയറക്ടർ അറിയിച്ചു. എംപാനൽ ബിൽ പ്രൊസീഡിംഗ്സ് പരിശോധിക്കുമ്പോൾ ചിലപ്പോൾ നമ്മുടെ ആശുപത്രികളിൽ ചെയ്യാവുന്ന കാര്യങ്ങൾ അല്ലെ ഇവ എന്ന സംശയം തോന്നാവുന്ന ബില്ലുകൾ കാണുന്നു. അതുകൊണ്ട് Speciality (എമർജൻസി അല്ലാത്ത) reference നൽകുമ്പോൾ എംപാനൽ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുവാനുണ്ടായ കാരണം Specialist രേഖപ്പെടുത്തേണ്ടതാണ്.

റഫറൻസ് സംബന്ധിച്ച് എല്ലാ മാസവും ആദ്യ ആഴ്ച തന്നെ സൂപ്രണ്ടും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും അടങ്ങുന്ന കമ്മിറ്റി അവലോകനം നടത്തേണ്ടതും എല്ലാ മാസവും 15-ാം തീയതിക്ക് മുൻപ് റഫറൻസ് കുറയ്ക്കുവാനുള്ള സൂപ്രണ്ടിന്റെ നിർദ്ദേശത്തോടെ റിപ്പോർട്ട് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. 3 മാസത്തിൽ ഒരിക്കൽ ഓരോ ഡിപ്പാർട്ട്മെന്റിൽ നിന്നും കൂടുതലായി റഫറൻസ് പോകുന്ന procedure സംബന്ധിച്ച് ഒരു കണക്ക്, അവ (റഫറൻസ്) കുറക്കുവാൻ ആവശ്യമുള്ള നടപടികളെക്കുറിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് സഹിതം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

Delivery conduct ചെയ്യുവാൻ സൗകര്യമുള്ള ആശുപത്രിയുമായി അറ്റാച്ച് ചെയ്തിരിക്കുന്ന രോഗികൾ പോലും ഡെലിവറി പ്രൈവറ്റ് ആശുപത്രികളിൽ നിന്നും നടത്തി അതിനുള്ള ബില്ലുകൾ സമർപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ ബില്ലുകൾ സിജിഎച്ച്എസ് നിരക്കിൽ പാസാക്കുമ്പോൾ ഉപഭോക്താക്കൾക്ക് (Beneficiaries) വളരെ അധികം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്. Obstetric Cases ആശുപത്രിയിൽ പരിശോധനയ്ക്ക് വരുമ്പോൾ അടുത്ത സന്ദർശനത്തിനുള്ള ദിവസം എഴുതി (preferable one or two appointment days) നൽകുന്നത് ഗുണകരമാണോ എന്നും, അതിന്റെ പ്രാവർത്തികതയും ( ഒരു സ്പെഷ്യലിസ്റ്റ് മാത്രമുള്ള ആശുപത്രികൾ) പരിശോധിച്ച് സൂപ്രണ്ടുമാർ നടപടി എടുക്കേണ്ടതാണ്. (നടപടി - ആശുപത്രി സൂപ്രണ്ട് )

ഇ.എസ്.ഐ ആശുപത്രികളിൽ നിന്നും antenatal check up നടത്തിയിരുന്ന beneficiaries എമർജൻസി ആയി ഡെലിവറി നടത്തിയ ബില്ലുകൾ സമർപ്പിക്കുമ്പോൾ അവയ്ക്കൊപ്പം ഒടുവിൽ ഇ.എസ്.ഐ ആശുപത്രിയിൽ check up നടത്തിയതിന്റെ prescription കോപ്പി കൂടി ഉൾപ്പെടുത്തേണ്ടതാണ്. (നടപടി - IMO)